"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - മണ്ണ് പര്യവേക്ഷണവും മണ്ണ് സംരക്ഷണവും - ജീവനക്കാര്യം - മണ്ണ് സംരക്ഷണ വകുപ്പിലെ അഡീഷണൽ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ. ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളിലേക്ക് സ്ഥാനക്കയറ്റം നൽകിയും ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ തസ്തികയിൽ സ്ഥലംമാറ്റം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇബി) വകുപ്പ്**

സ.ഉ.(സാധാ) നം.1235/2024/AGRI തീയതി,തിരുവനന്തപുരം, 31-12-2024

---

പരാമർശം:-

1. സ.ഉ.(അച്ചടി) നം.18 /2024/കൃഷി. തീയതി 23.12.2024
2. സ.ഉ.(അച്ചടി) നം. 17 /2024/കൃഷി തീയതി 23.12.2024
3. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടറുടെ 23.12.2024 തീയതിയിലെ SSSC/2223/2024-E1 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) പ്രകാരമുള്ള സെലക്ട് ലിസ്റ്റിന്റെയും പരാമർശം (2) പ്രകാരമുള്ള സപ്ലിമെന്റൽ സെലക്ട് ലിസ്റ്റിന്റെയും അടിസ്ഥാനത്തിൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം സമർപ്പിച്ച ശിപാർശ പരിഗണിച്ച് മണ്ണ് സംരക്ഷണ അഡീഷണൽ ഡയറക്ടർ, മണ്ണ് സംരക്ഷണ ജോയിന്റ് ഡയറക്ടർ, മണ്ണ് സംരക്ഷണ ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളിലേക്ക് കെ.എസ്&എസ്.എസ്.ആർ പാർട്ട് II ചട്ടം 28 (ബി) (i) പ്രകാരം ചുവടെ കൊടുക്കും പ്രകാരം സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

2. മണ്ണ് സംരക്ഷണ ജോയിന്റ് ഡയറക്ടറായി സേവനമനുഷ്ഠിക്കുന്ന ശ്രീ. ആനന്ദബോസ് ഡി. (പെൻ. 407625)- യ്ക്ക് അഡീഷണൽ ഡയറക്ടർ തസ്തികയിൽ 112800-163400 ശമ്പള സ്കെയിലിൽ സ്ഥാനക്കയറ്റം നൽകി മണ്ണ് സംരക്ഷണ അഡീഷണൽ ഡയറക്ടറായി ഡയറക്ടറേറ്റിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

3. മണ്ണ് സംരക്ഷണ ഡെപ്യൂട്ടി ഡയറക്ടറായ ശ്രീ. അശോക് കുമാർ വി.എം. (പെൻ. 409291)-ന് ജോയിന്റ് ഡയറക്ടർ തസ്തികയിൽ 95600-153200 ശമ്പള സ്കെയിലിൽ സ്ഥാനക്കയറ്റം നൽകി ശ്രീ. ആനന്ദ ബോസ്. ഡി. ക്ക് മണ്ണ് സംരക്ഷണ അഡീഷണൽ ഡയറക്ടർ ആയി സ്ഥാനക്കയറ്റം നൽകുന്നത് വഴി നിലവിൽ വരുന്ന ഒഴിവിൽ ഡയറക്ടറേറ്റിൽ നിയമിച്ച് ഉത്തരവാകുന്നു.

4. ജില്ലാ മണ്ണ് സംരക്ഷണ ഓഫീസറായ ശ്രീ. കെ.പി. അബ്ദു സമദ് (പെൻ 440312) -ന് മണ്ണ് സംരക്ഷണ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ 63700-123700 ശമ്പള സ്കെയിലിൽ സ്ഥാനക്കയറ്റം നൽകി ശ്രീ. അശോക് കുമാർ വി.എം. ന് മണ്ണ് സംരക്ഷണ ജോയിന്റ് ഡയറക്ടർ ആയി സ്ഥാനക്കയറ്റം നൽകുന്നത് വഴി നിലവിൽ വരുന്ന ഒഴിവിൽ ഡയറക്ടറേറ്റിൽ നിയമിച്ച് ഉത്തരവാകുന്നു.

5. ശ്രീ. കെ.പി. അബ്ദു സമദ് ന് സ്ഥാനക്കയറ്റം ലഭിക്കുന്നതു വഴി നിലവിൽ വരുന്ന കോഴിക്കോട് ജില്ലാ മണ്ണ് സംരക്ഷണ ഓഫീസറുടെ ഒഴിവിലേയ്ക്ക് കണ്ണൂർ ജില്ലാ മണ്ണ് സംരക്ഷണ ഓഫീസറായ ശ്രീ. രാജീവ് എം (പെൻ 646105) - ന് സ്ഥലം മാറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു. ശ്രീ. രാജീവ് എം ന് കണ്ണൂർ ജില്ലാ മണ്ണ് സംരക്ഷണ ഓഫീസറുടെ പൂർണ്ണ അധിക ചുമതലയും നൽകുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബാലഗോപാൽ കെ കെ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
ഡയറക്ടർ, വിവരപൊതുജന സമ്പർക്ക വകുപ് (വെബ്&ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Aswathi S Poonkavanam
Date: 31-12-2024 15:02:43
സെക്ഷൻ ഓഫീസർ